"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. എ2/17/2023/പൊ.സ.ഉ.വ
പൊതു സംഭരണ ഉപദേശകകാര്യ(എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-02-2025

## സർക്കുലർ

വിഷയം:- പൊ.സ.ഉ.വ- സ്റ്റോർസ് പർച്ചേസ് വകുപ്പിനെ 'പൊതു സംഭരണ ഉപദേശകകാര്യ വകുപ്പ്'/ 'Public Procurement Advisory Department' എന്ന് പുനർനാമകരണം ചെയ്തത്- സംബന്ധിച്ച്.

സൂചന:- 1. 06.07.2024 ലെ സ.ഉ(കൈ) നം.2/2024/SPD നമ്പർ ഉത്തരവ്

2. 21.01.2025 ലെ SRO No. 73/2025 നമ്പർ വിജ്ഞാപനം.

കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2021-23) യുടെ 12.01.2023 ന് ചേർന്ന യോഗത്തിൽ സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ പേര് മലയാളത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് ബഹു.സമിതി നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലും സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവയുടെ സംഭരണ സംവിധാനം സംബന്ധിച്ച മാർഗനിർദ്ദശങ്ങൾ പുറപ്പെടുവിക്കുന്നതും സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകളെ സംബന്ധിച്ച് ഭരണവകുപ്പുകൾക്ക് ആവശ്യമുള്ള പക്ഷം സ്പഷ്ടീകരണം അഥവാ ഉപദേശം നൽകുന്നതും ഈ വകുപ്പായതിനാലും സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ പേര് 'പൊതു സംഭരണ ഉപദേശകകാര്യ വകുപ്പ്' / 'Public Procurement Advisory Department' എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് ഈ വിഷയം സംബന്ധിച്ച് സർക്കാരിന്റെ കാര്യ നിർവഹണ ചട്ടങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് സൂചന (2) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയുമുണ്ടായി.

മേൽ സാഹചര്യത്തിൽ ഇനി മുതൽ സ്റ്റോർസ് പർച്ചേസ് വകുപ്പിലേക്കുള്ള എല്ലാ കത്തിടപാടുകളിലും മറ്റ് ഔദ്യോഗിക രേഖകളിലും വകുപ്പിന്റെ പേര്'സ്റ്റോർസ് പർച്ചേസ് വകുപ്പി'ന് പകരം 'പൊതു സംഭരണ ഉപദേശകകാര്യ വകുപ്പ്' (പൊ.സ.ഉ.വ) / 'Public Procurement Advisory Department' (PPAD) എന്ന് മാറ്റം വരുത്തി ഉപയോഗിക്കേണ്ടതാണ്. കൂടാതെ ഇ-ഓഫീസ്, സർക്കാർ വെബ്സൈറ്റുകൾ, സർക്കാർ ഇലക്ട്രോണിക് പോർട്ടലുകൾ/മറ്റ് മാധ്യമങ്ങൾ, എന്നിവയിലും നെയിം ബോർഡുകളിലും ആയത് സംബന്ധിച്ച മാറ്റങ്ങൾ വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ടതുമാണ്.

ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം വകുപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (e-Office മുഖാന്തിരം).

ബഹു. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്(ആമുഖക്കത്ത് സഹിതം).

രജിസ്ട്രാർ ജനറൽ , കേരള ഹൈക്കോടതി(ആമുഖക്കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖക്കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ(ആമുഖക്കത്ത് സഹിതം).

എല്ലാ സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ/ സ്വയംഭരണ സ്ഥാപനങ്ങൾക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം.

(സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ ചേർക്കുന്നതിന്).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകപ്പ് - സ്റ്റോർസ് പർച്ചേസ് വകപ്പിന്റെ പേര് പൊതു സംഭരണ ഉപദേശകകാര്യ വകപ്പ് (Public Procurement Advisory Department) എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്റ്റോർസ് പർച്ചേസ് (എ) വകപ്പ്

സ.ഉ.(കൈ) നം.2/2024/SPD തീയതി,തിരുവനന്തപുരം, 06-07-2024

പരാമർശം:- 1. നിയമസഭാ സെക്രട്ടറിയുടെ 18.04.2023 ലെ 822/ഔ.ഭാ.സ1/2006 നി.സെ നമ്പർ കത്ത്

ഉത്തരവ്

കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ 12.01.2023 ലെ യോഗത്തിൽ സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ പേര് മലയാളത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് ബഹു. സമിതി നിർദ്ദേശിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവയുടെ സംഭരണ സംവിധാനം സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതും, സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകളെ സംബന്ധിച്ച് ഭരണവകുപ്പുകൾക്ക് ആവശ്യമുള്ള പക്ഷം സ്പഷ്ടീകരണം അഥവാ ഉപദേശം നൽകുന്നതും സ്റ്റോർസ് പർച്ചേസ് വകുപ്പാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ പേര് പൊതു സംഭരണ ഉപദേശകകാര്യ വകുപ്പ് (പൊ.സ.ഉ.വ) / Public Procurement Advisory Department(PPAD) എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. റൂൾസ് ഓഫ് ബിസിനസിൽ ഇതിനാവശ്യമായ ഭേദഗതി വരുത്തുന്നതിന് പൊതുഭരണ (എസ്.എസ്) വകുപ്പ് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എസ്
ജോയിന്റ് സെക്രട്ടറി

പകർപ്പ്-

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

സെക്രട്ടറിയറ്റിലെ എല്ലാ വകപ്പകൾക്കും

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ&ഇ), തിരുവനന്തപുരം
പൊതുഭരണ (എസ്.എസ്) വകുപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സ്റ്റോർസ് പർച്ചേസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
സ്റ്റോർസ് പർച്ചേസ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്
സെക്രട്ടേറിയറ്റ് ലൈബ്രറി
ഡയറക്ടർ, സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ ബിൽഡിംഗ്, തിരുവനന്തപുരം
(സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
വെബ് & ന്യൂ മീഡിയ(വിവര പൊതുജന സമ്പർക്ക വകുപ്പ്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2025 ജനുവരി 24<br>24th January 2025<br>1200 മകരം 11<br>11th Makaram 1200<br>1946 മാഘം 4<br>4th Magha 1946 | നമ്പർ<br>No. 242 |

GOVERNMENT OF KERALA

**General Administration (SS) Department**

NOTIFICATION

G.O.(Rt.)No.240/2025/GAD. *Dated, Thiruvananthapuram, 21st January, 2025.*

**S. R. O. No. 73/2025**

In exercise of the powers conferred by clauses (2) and (3) of Article 166 of the Constitution of India, the Governor of Kerala hereby makes the following rules further to amend the Rules of Business of the Government of Kerala, namely:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## RULES

1. *Short title and commencement.*– (1) These rules may be called the Rules of Business of the Government of Kerala (Amendment) Rules, 2025.

(2) They shall come into force at once.

2. *Amendment of the Rules.*– In the Rules of Business of the Government of Kerala, in PART II, in the FIRST SCHEDULE,

(1) under the heading "List of Departments", –

(a) after serial number and entry "34. Programme Implementation, Evaluation and Monitoring Department", the following serial number and entry shall be inserted, namely:–

"35. Public Procurement Advisory Department" ;

(b) the existing entry against serial number 42 shall be omitted;

(c) the existing serial numbers from 35 to 48 shall be renumbered consecutively from 36 to 48.

(2) under the heading 'DISTRIBUTION OF BUSINESS AMONG DEPARTMENTS OF THE SECRETARIAT', –

(a) after the sub-heading "XXXIV. PROGRAMME IMPLEMENTATION, EVALUATION AND MONITORING DEPARTMENT" and the entries thereunder, the following sub-heading and entries shall respectively be inserted, namely:-

"XXXV. PUBLIC PROCUREMENT ADVISORY DEPARTMENT

1. General questions relating to stores purchase like correspondence with the Government of India and the Director General of Supplies and Disposals, issue of general instructions and orders on stores purchase (Stores Purchase Manual), advice to Administrative Departments on stores purchase and on relaxation of provisions of Stores Purchase Manual.
2. Banning of business with firms / suppliers and imposition of other penalties.
3. Registration of firms.
4. Settling of rate contract.
5. Inspection of purchase files of Government offices."

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(b) the existing entries under sub-heading XLII. shall be omitted;

(c) the existing serial numbers prefixing the sub-heading from XXXV to XLVIII shall be renumbered consecutively from XXXVI to XLVIII.

By order of the Governor,
K.R. JYOTHILAL,
*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Committee on Official Language of Kerala Legislative Assembly (2021-23) had recommended to take necessary steps to change the name of 'Stores Purchase Department' into Malayalam. Subsequently, as per G.O.(Ms.)No. 2/2024-SPD. dated 06th July 2024, the name of the said department was changed as 'Public Procurement Advisory Department' in English also. Hence, the Government have decided to amend the Rules of Business of the Government of Kerala, for the said purpose.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.01.24 07:57:37 +05:30